**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ. ചിത്ര.ആർ അസിസ്റ്റന്റ് സർജന് അച്ചടക്ക നടപടികൾക്കു വിധേയമായി പുനർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: മേലെഴുത്ത് നം. ഇ.എ 4- 32348/19/ആ.വ.ഡ തീയതി 24.05.2019

**ഉത്തരവ് നം. ഇ.എ2-444/18/ആ.വ.ഡ തീയതി 24.05.2019**

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന അസിസ്റ്റന്റ് സർജനായ ഡോ. ചിത്ര.ആർ -ന് അച്ചടക്ക നടപടികൾക്കു വിധേയമായി പുനർ നിയമനം നൽകാൻ പരാമർശ പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു.

ആയതിനാൽ ഡോ. ചിത്ര.ആർ -നെ അച്ചടക്ക നടപടികൾക്കു വിധേയമായി **ആലപ്പുഴ തുറവൂർ താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായി** നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം സർവ്വീസിൽ പുനഃപ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. ചിത്ര.ആർ. ദീപ്തി. കക്കാഴം. ആലപ്പുഴ-688005

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം). ആലപ്പുഴ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി തുറവൂർ, ആലപ്പുഴ
4. ഇ.എ4 സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

909414

**GOVERNMENT OF KERALA**